പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1716

08.06.2018-ൽ മറുപടിക്ക്

തദ്ദേശസ്ഥാപനങ്ങളിലെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ | | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| എ) | രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കാരണം തദ്ദേശസ്ഥാപനങ്ങൾക്കുള്ള പണം നൽകുന്നത് സർക്കാർ നിർത്തിയതോടെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യം പരിശോധിക്കാൻ തയ്യാറാകുമോ; | എ) | തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഈ സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്.വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യം നിലവിലില്ല |
| ബി) | പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വച്ചുനൽകുന്ന ലൈഫ് മിഷൻ പദ്ധതി സാമ്പത്തിക പ്രതി സന്ധി കാരണം മുടങ്ങിക്കിടക്കുകയും വീടുകൾ പൊളിച്ചുമാറ്റിയ പാവങ്ങൾ പെരുവഴിയിലായതുമായ അടിയന്തര സാഹചര്യത്തിന് പരിഹാരം കാണുന്നതിന് ശ്രമം നടത്തുമോ; | ബി) | ലൈഫ് മിഷൻ പദ്ധതി സാമ്പത്തിക പ്രതിസന്ധി കാരണം മുടങ്ങിക്കിടക്കുന്നതായുള്ള സാഹചര്യമില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിൽ 39243 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി തുടങ്ങിയ പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിന് സാമ്പത്തിക പ്രതിസന്ധി പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടില്ല. |
| സി) | തദ്ദേശ സ്ഥാപനങ്ങളിലെ കരാർ പണിയെടുത്ത ചെറുകിട കരാറുകാരും ഗുണഭോക്താക്കളും പദ്ധതി വിഹിതം വകമാറ്റിയത് വഴി ദുരിതത്തിലായത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | പദ്ധതി വിഹിതം വക മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ